# ജാലകത്തിലൂടെ....



# DIGITAL MAGAZINE

## By

### LITTLE KITES

### ST.HELEN’S G.H.S LOURDEPURAM

## 2018-2019



പ്രിയ വിദ്യാർത്ഥികളെ ,

വിദ്യാഭ്യാസരംഗം അതിനൂതന സാങ്കേതിക വിദ്യയുടെ വികാസവുമായി അനുസൃതം മുന്നേറുകയാണ്. ഈ മുന്നേറ്റത്തിന് കൈതാങ്ങായി പൊതുവിദ്യാഭ്യാസവകുപ്പ് ആവിഷ്കരിച്ചിരിക്കുന്ന “Little Kites” എന്ന പാഠ്യപദ്ധതിയുടെ ഭാഗമായി നമ്മുടെ സ്കൂളിലെ വിദ്യാർത്ഥികൾ ഒരു ഡിജിറ്റൽ മാസിക തയാറാക്കി എന്നറിഞ്ഞതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. പഠനപ്രവർത്തനങ്ങൾക്കു ഒപ്പം വിവര സാങ്കേതിക വിദ്യയുടെ വിവിധ മേഖലകൾ മനസ്സിലാക്കുവാൻ നിങ്ങൾക്കു ലഭിക്കുന്ന “Little kites” എന്ന നൂതന വിദ്യയെ നിങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുക. വിരൽതുമ്പിൽ തന്നെ വിജ്ഞാനം നിങ്ങളുടെ മുന്നിലേക്കെത്തിക്കുന്ന വിവര സാങ്കേതിക വിദ്യയുടെ നല്ല വശങ്ങൾ മാത്രം സ്വായത്തമാക്കി വിജ്ഞാന സമ്പാദനത്തിലൂടെ സമൂഹത്തിൽ ജ്വലിക്കുന്ന ദീപമായി മാറുവാൻനിങ്ങൾക്കു സാധിക്കട്ടെ . സർഗ്ഗ പ്രതിഭകളാൽ നിറഞ്ഞ ഈ ഡിജിറ്റൽ മാഗസിൻ തയാറാക്കാനായി യത്നിച്ച ഏവർക്കും എല്ലാവിധ ആശംസകളും നേരുന്നു.

**Sr. Elsmma Thomas**

**Headmistress**

**St.Helen’s G.H.S, Lourdepuram**

# സെൻറ് ഹെലൻസ് ഗേൾസ് എച്ച്.എസ്.

# ലൂർദുപുരം



# ഉള്ളടക്കം

ചരിത്രം ........................................ 7

ഭൗതികസൗകര്യങ്ങൾ ................................ 7

സ്കൂൾ പ്രവേശനോൽസവം ............................ 8

പരിസ്ഥിതി ദിനാഘോഷം ............................ 9

വായനാദിനം (വായനാവാരാഘോഷം June 19 മുതൽ 24 വരെ) ........................................ 11

ലഹരിവിരുദ്ധദിനം, മരുവൽക്കരണവിരുദ്ധദിനം ... 12

Doctor's Day ........................................ 14

കായിക മത്സരങ്ങൾ ................................ 14

ലോക പ്രകൃതിസംരക്ഷണ ദിനം........................ 15

യുവജനോൽസവം ..................................... 15

ഹിരോഷിമ ദിനം ..................................... 16

മേളകൾ ............................................. 17

............................................................ 18
ലോക പുനരുപയോഗദിനം ........................... 18
സ്വാതന്ത്ര്യദിനം ........................................ 19
ഗുരു വന്ദനം ............................................ 20
ഹരിതസേന
പ്രളയ സഹായം ......................................... 20
കുട്ടനാടിന് കൈതാങ്ങ് ........................................................ 20
ടാലെൻറ് ലാബ് ......................................... 24
Hello English............................................ 24
ശിശു ദിനം ............................................... 24
ക്രിസ്തുമസ് ആഘോഷം................................ 25
മികവുകൾ ................................................. 26
വാർത്തകളിൽ .......................................... 28
പാഠ്യേതര പ്രവർത്തനങ്ങൾ........................... 31
കുട്ടികളുടെ കലാസൃഷ്ട്ടികൾ........................ 33



# ചരിത്രം

തിരുവനന്തപുരം ജില്ലയിൽ,നെയ്യാറ്റിൻക്കര താലുക്കിൽ കാഞ്ഞിരംകുളം പഞ്ചായത്തിലെ പ്രകൃതി മനോഹരമായ ഒരു പ്രദേശമാണ് ലൂർദ്ദിപുരം. 1940-ൽ സ്ഥാപിച്ച ഒരു ചെറിയ വിദ്യാലയമാണ് ഇന്നു **സെൻറ് ഹെലൻസ് ജി.എച്ച്.എസ്സ്** ◌ എന്ന പേരിൽ വളർന്നു പ്രശസ്തിയാർജ്ജിച്ചു നിൽക്കുന്നത്.

അടിസ്ഥാന സൗകര്യങ്ങളൊന്നുമില്ലാത്ത നിർധന കുടുംബത്തിലെ കുട്ടികളുടെ സമഗ്രവികസനം ലക്ഷ്യമാക്കികൊണ്ട് 1940-ൽ തിരുവനന്തപുരം ജില്ലയിലെ ലൂർദ്ദിപുരം ഗ്രാമത്തിൽ ഫ്രാൻസിസ്കൻ മിഷണറീസ് ഓഫ് മേരി സന്യാസ സമൂഹത്തിന്റെ കീഴിൽ ആദ്യത്തെ വിദ്യാലയം സ്ഥാപിക്കപ്പെട്ടു. ആരംഭത്തിൽ 1 മുതൽ 3 വരെയുള്ള ക്ളാസുകളിലായി 150 വിദ്യാർത്ഥികൾ ഉണ്ടായിരുന്നു. സിസ്ററർ.മിലനി ഉൾപ്പെടുന്ന മൂന്ന് സന്യാസ സഹോദരിമാരും ഒരു അധ്യാപികയുമായിരുന്നു ഇതിന്റെ സംരംഭകർ. 1950-ൽ 1 മുതൽ 5 വരെയുള്ള ക്ലാസുകൾക്ക് സർക്കാർ അംഗീകാരം ലഭിച്ചു. 1968-ൽ അപ്പർ പ്രൈമറി സ്കൂളായും, 1976-ൽ ഹൈസ്ക്കൂളായും, 2002-ൽ ഹയർസെക്കണ്ടറി ആയും ഉയർത്തപ്പെട്ടു. സിസ്ററർ. റൊസാരിയൊ, സിസ്ററർ റോസിലി, സിസ്ററർ എസ്. മേരി, എന്നീ സന്യാസ സഹോദരിമാരായിരുന്നു ഇതിന്റെ സാരഥികൾ.ഇന്ന് സമൂഹത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ കുട്ടികൾക്ക് സമഗ്ര വളർച്ച നൽകുന്നതനു അക്ഷീണം പ്രവർത്തിക്കുന്നു.

# ഭൗതികസൗകര്യങ്ങൾ

ഒരു ഏക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. സ്കൂളിന് ആകെ 48 ക്ലാസ്സ്മുറികളുണ്ട്.സ്ക്കൂൾ ഗ്രൗണ്ട്, ഒമ്പത് ഹൈടെക് സ്മാർട്ട്

ക്ലാസ്സ്മുറികൾ,ഒരു സ്മാർട്ട് റൂം ബ്രോഡ്ബാൻറ് ഇൻറർനെറ്റ് സൗകര്യമുള്ള കംപ്യൂട്ടർലാബ്,ലൈബ്രറി, റീഡിംഗ് റൂം, ലാബുകൾ,ആഡിറ്റോറിയം, സ്കൂൾ ബസ് സൗകര്യം, പാചകപുര, ബയോഗ്യാസ് പ്ളാൻറ്, വോൾളിബോൾ കോർട്ട്,ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ടോയ്ലറ്റ് സൗകര്യം, ജൈവപച്ചക്കറി തോട്ടം, ഔഷധത്തോട്ടം, മഴവെള്ള സംഭരണി, കുടിവെള്ള ലഭ്യത എന്നിവ എടുത്തു പറയത്തക്ക സവിശേഷതകളാണ്.

## സ്കൂൾ പ്രവേശനോൽസവം









കാഞ്ഞിരംകുളം പഞ്ചായത്ത്തല പ്രവേശനോത്സവം ലൂർദ്ദിപുരം സെന്റ് ഹെലൻസിൽ

നെയ്യാറ്റിൻകര: നെയ്യാറ്റിൻകര ബിആർസിയുടെ കീഴിൽ കാഞ്ഞിരംകുളം പഞ്ചായത്ത് തല പ്രവേശനോത്സവം ലൂർദ്ദിപുരം സെന്റ് ഹെലൻസ് ജിഎച്ച്എസ്എസിൽ വിവിധ പരിപാടികളോടു കൂടി നടന്നു. ഫാ. ജെറോം ഫെർണാണ്ടസിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കാഞ്ഞിരംകുളം പഞ്ചായത്ത് പ്രസിഡന്റ് രവി പ്രവേശനോത്സവം ഉദ്ഘാടനം ചെയ്തു. പിടിഎ പ്രസിഡന്റ് ജോസ് ലാൽ, മാനേജർ സിസ്റ്റർ ലാലി, പ്രഥമാധ്യാപിക സിസ്റ്റർ എൽസമ്മ തോമസ്, വാർഡ് മെമ്പർ പ്രസന്നകുമാരി എന്നിവർ പ്രസംഗിച്ചു. കുരുന്നുകളെ അക്ഷരകിരീടം അണിയിച്ചാണ് സ്വീകരിച്ചത്. കുട്ടികൾക്ക് ബാഗും പഠനോപകരണങ്ങളും മധുരവും സമ്മാനിച്ചു.

ലൂർദ്ദിപുരം സെന്റ് ഹെലൻസ് ജിഎച്ച്എസ്എസിൽ നടന്ന കാഞ്ഞിരംകുളം പഞ്ചായത്ത്തല പ്രവേശനോത്സവം പഞ്ചായത്ത് പ്രസിഡന്റ് രവി ഉദ്ഘാടനം ചെയ്യുന്നു. ഫാ. ജെറോം ഫെർണാണ്ടസ്, പിടിഎ പ്രസിഡന്റ് ജോസ് ലാൽ, മാനേജർ സിസ്റ്റർ ലാലി, പ്രഥമാധ്യാപിക സിസ്റ്റർ എൽസമ്മ തോമസ് തുടങ്ങിയവർ സമീപം.

കാഞ്ഞിരംകുളം പഞ്ചായത്ത് തല സ്കൂൾ പ്രവേശനോൽസവം ഉത്ഘാടനം സെൻറ് ഹെലെൻസിൽ നടത്തപ്പെട്ടു.നവാഗതരെ അക്ഷരകിരീടം ചൂടി സ്വീകരിച്ചു. കാഞ്ഞിരംകുളം പഞ്ചായത്ത് പ്രസിഡന്റ് ശ്രീ.കെ. രവി ഉത്ഘാടനം ചെയ്തു. ലൂർദുപുരം ഇടവക വികാരിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പി.റ്റി.എ) പ്രസിഡന്റ് ശ്രീ ജോസ് ലാൽ , ചാണി വാർഡ് മെമ്പർ ശ്രീമതി പ്രസന്നകുമാരി , ലോക്കൽ മാനേജർ സി. ലാലി എന്നിവർ

ആശംസകൾ അർപ്പിച്ചു.പ്രവേശനഗാനം ചടങ്ങിന് മാറ്റു കൂട്ടി. ബാഗും, പഠന ഉപകരണങ്ങളും, മധുരവും നവാഗതർക്ക് നൽകി.

**സ്.എസ്.എൽ.സി എ പ്ലസ് വിജയികൾക്ക് ക്യാഷ് അവാർഡ് വിതരണം ചെയ്തു. 100 % വിജയം നേടിയ സ്കൂളിനെ ഏവരും അഭിനന്ദിച്ചു.**



## പരിസ്ഥിതി ദിനാഘോഷം

പി.റ്റി.എ പ്രസിഡന്റ് ശ്രീ ജോസ് ലാലിൻ്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കാഞ്ഞിരംകുളം ആനന്ദ കലാകേന്ദ്രം ഡയറക്ടർ ശ്രീ.കാഞ്ഞിരംകുളം വിൻസെൻറ് (ചിത്രകാരൻ,പരിസ്ഥിതി സ്നേഹി ) ബ്ലാക്ക് ബോർഡിൽ നിമിഷനേരം കൊണ്ട് ചിത്രം വരച്ച് യോഗം ഉത്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ബിന്ദു വിത്ത് വിതരണ ഉത്ഘാടനം നിർവഹിച്ചു. കാഞ്ഞിരംകുളം പഞ്ചായത്ത് പ്രസിഡന്റ് ശ്രീ.കെ. രവി സ്കൂൾ പരിസരത്ത് വൃക്ഷതൈ നട്ടു. സയൻസ് ക്ലബ്, ഹെൽത്ത് ക്ലബ്, കാർഷിക ക്ലബ്, എക്കോ ക്ലബ്, സീഡ് ക്ലബ് എന്നിവയുടെ ഔപചാരിക ഉത്ഘാടന കർമ്മം നിർവഹിച്ചു. Season Watch ((സീഡ് ക്ലബിന്റെ ആഭിമുഖ്യത്തിൽ നടത്തപെടുന്ന) മത്സരത്തിൽ സംസ്ഥാന തലത്തിൽ ലഭിച്ച ഒന്നാം സ്ഥാനത്തിനുള്ള സമ്മാനങ്ങൾ Oversear ശ്രീ.ഗിരിപ്രസാദ് കൈമാറി. Love Plastic പദ്ധതിയുടെ ഭാഗമായി ടിൻ

ഷീറ്റിൽ നിർമ്മിച്ച ഡസ്റ്റ് ബിൻ, വേസ്റ്റ് ബാസ്കറ്റ്, പ്ലാസ്റ്റിക് നിക്ഷേപിക്കാനുള്ള തുണി സഞ്ചി എന്നിവ ഓരോ ക്ലാസുകൾക്കും നൽക















## വായനാദിനം (വായനാവാരാഘോഷം June 19 മുതൽ 24 വരെ)

ഹ്രസ്വ ചലച്ചിത്രകാരനും സാഹിത്യപ്രവർത്തകനുമായ ശ്രീ. ഗിരീഷ് പരുത്തിമഠം ഉദ്ഘാടന കർമ്മം നിർവഹിച്ചു. പി.റ്റി.എ പ്രസിഡന്റ് ശ്രീ. ജോസ് ലാൽ, ചാണി വാർഡ് മെമ്പർ ശ്രീമതി പ്രസന്നകുമാരി എന്നിവർ യോഗത്തിൽ സന്നിഹിതരായിരുന്നു. ശ്രീ.ഗിരീഷ് പരുത്തിമഠം വിദ്യാർത്ഥികളുമായി സംവദിച്ചു.വായനാവാരാഘോഷത്തോടനുബന്ധിച്ച് വായന മൽസരം, നിമിഷ പ്രസംഗം, വായനകുറിപ്പ് തയ്യാറാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾനടത്തപ്പെട്ട്








## ലഹരിവിരുദ്ധദിനം, മരുവൽക്കരണവിരുദ്ധദിനം

അഗ്രിഫ്രണ്ട്സ് കൃഷിപാഠം പദ്ധതിയുടെയും വിതുര രോഹിണി കൾച്ചറൽ വേദിയുടെയും സംയുക്താഭിമുഖ്യത്തിൽ നടത്തപ്പെട്ടു. രോഹിണി കൾച്ചറൽ വേദി ചെയർമാൻ ശ്രീ.ബി.വിജയൻ നായറിന്റെ അദ്ധ്യക്ഷതയിൽ നെയ്യാറ്റിൻകര ബി.പി.ഒ ഡോ.സന്തോഷ്കുമാർ യോഗം ഉദ്ഘാടനം ചെയ്തു. 'ഒരു പന്തും ഒത്തിരിയേറെ കാർഷിക വിഭവങ്ങളും' എന്ന പേരിൽ രോഹിണി കൾച്ചറൽ പ്രവർത്തകരായ ശ്രീ.ചാൽ, ചന്തു എന്നിവർ ഏകാങ്ക നാടകം അവതരിപ്പിച്ചു. 'ലഹരിക്കെതിരെ ഒരു ഗോൾ ' എന്ന പേരിൽ ഫുട്ബോൾ മത്സരം സംഘടിപ്പിച്ചു. ഹെഡ്മിസ്ട്രസ് സി.എൽസമ്മ ആദ്യ ഗോളടിച്ച് മത്സരം ഉദ്ഘാടനം ചെയ്തു. ശ്രീ. ബി. വിജയൻ നായർ പരിപാടിക്ക് നേതൃത്വം നൽകി.

യോഗാനന്തരം വിശി ഷ്ടാതിഥികൾ സ്കൂൾ പരിസരത്ത് ജൈവ കൃഷി ഉദ്ഘാടനം ചെയ്തു





ലൂർദ്ദിപുരം സെന്റ് ഹെലൻസിൽ ലഹരിക്കെതിരെ ഒരു ഗോൾ...






## 'നന്മയുടെ ഒരു പിടി അരി' 'നന്മയുടെ ഒരു രൂപ പദ്ധതി

സീഡ് ക്ലബിന്റെ ആഭിമുഖ്യത്തിൽ പി.റ്റി.എ പ്രസിഡന്റ് ശ്രീ. ജോസ് ലാലിൻ്റെ അദ്ധ്യക്ഷതയിൽ കോവളം നിയോജക മണ്ഡലം ശ്രീ. വിൻസെന്റ്

നിർവഹിച്ചു. മൂന്നാം ക്ലാസ്സിലെ അതിരയ്ക് ആദ്യ ചികിൽസാ സഹായം നൽകി നന്മയുടെ ഒരു രൂപ പദ്ധതി ഉദ്ഘാടനം ചെയ്തു.





## Doctor's Day

ഡോക്ടേഴ്സ് ദിനത്തിനോടനുബന്ധിച്ച് ഡോ.അഖിൽ മാത്യുവിനേയും ഡോ. ആര്യ അഖിലിനെയും ആദരിക്കുന്ന ചടങ്ങ് സംഘടിപ്പിച്ചു.



## കായിക മത്സരങ്ങൾ

പി.റ്റി.എ പ്രസിഡന്റ് ശ്രീ ജോസ് ലാലിൻ്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സന്തോഷ് ട്രോഫി താരം ശ്രീ. ഉദ്ഘാടനം നിർവഹിച്ചു.തുടർന്ന് നല്ല

പാഠം എറോബിക്സ് ടീം അംഗങ്ങൾ എറോബിക്സ് അവതരിപ്പിച്ചു. ജൂലൈ 24 ന് വോളിബോൾ മത്സരങ്ങളും ജൂലൈ 25 ന് കാഞ്ഞിരംകുളം സ്റ്റേഡിയത്തിൽ വച്ച് വിവിധ മത്സരങ്ങളും നടത്തപ്പെട്ടു.









## ലോക പ്രകൃതിസംരക്ഷണ ദിനം

നെയ്യാറ്റിൻകര എ.ഇ.ഒ ശ്രീ. ബാബുരാജ് സാർ ഉദ്ഘാടന കർമ്മം നിർവഹിച്ച് ആഗോളതാപന പ്രത്യാഘാതത്തെ കുറിച്ച് സന്ദേശം നൽകി. നാട്ടുമാഞ്ചോട്ടിൽ പദ്ധതിയുടെയും ഔഷധസസ്യ സംരക്ഷണത്തിന്റെയും ഉദ്ഘാടന കർമ്മവും തദവസരത്തിൽ നിർവഹിച്ചു.

## യുവജനോൽസവം

കലാകാരനും നിയമസഭാ ജീവനക്കാരനുമായ ശ്രീ.തങ്കരാജ് ഉദ്ഘാടനം ചെയ്തു.വിവിധ മത്സരങ്ങൾ രണ്ട് ദിവസങ്ങളിലായി സംഘടിപ്പിച്ചു.




## ഹിരോഷിമ ദിനം

ബി.ആർ.സി. ട്രെയിനർ ശ്രീ.ജോൺ സാറിൻറെ നേതൃത്വത്തിൽ ഹിരോഷിമ ദിനം ആഘോഷിച്ചു.തദവസരത്തിൽ യുദ്ധ വിരുദ്ധ പ്രതിജ്ഞ ചൊല്ലുകയും സമാധാന പ്രാവിനെ പറത്തുകയും ചെയ്തു.ജീവിതം കുട്ടികളോട് പങ്കുവെക്കുന്ന നെയ്യാറ്റിൻകര ബി ആർ സി പരിശീലകനായ ജോൺ സാർ

## ഹിരോഷിമ ദിനത്തെ കുറിച്ച് തത്സമയ ക്വിസ്



***ഹിരോഷിമ ദിനത്തിൽ പ്രധാന അദ്ധ്യാപിക വെള്ളരിപ്രാവിനെ ആകാശനീലിമയിലേക്ക് പറത്തുന്നു***



ഹിരോഷിമ ദിനത്തിൽ സഡാക്കോയുടെ കൊക്കുകൾ ഉയർത്തി വിശിഷ്ട അതിഥികൾക്കൊപ്പം യുദ്ധവിരുദ്ധ പ്രതിജ്ഞ ചൊല്ലുന്ന കുട്ടികൾ



ഹിരോഷിമ ദിനത്തിൽ സഡാക്കോയുടെ കൊക്കുകൾ ഉയർത്തി വിശിഷ്ട അതിഥികൾക്കൊപ്പം യുദ്ധവിരുദ്ധ പ്രതിജ്ഞ ചൊല്ലുന്ന വിശിഷ്ടാതിഥികൾ



## മേളകൾ

പ്രവൃത്തിപരിചയം, മാത്സ്, സോഷ്യൽ സയൻസ്, സയൻസ് മേളകളുടെ സ്കൂൾ തല മത്സരങ്ങൾ നടത്തപ്പെട്ടു

  

 

.

## ലോക പുനരുപയോഗദിനം

ലോക പുനരുപയോഗദിനത്തിൻ്റെ ബി.ർ.സി. തല ഉദ്ഘാടന കർമ്മം സെൻറ് ഹെലെൻസിൽ വച്ച് നിർവ്വഹിക്കപെട്ടു . ഡിസ്ട്രിക്ട് പ്രോഗ്രാം ഓഫിസർ ശ്രീ. ശ്രീകുമാർ മുഖ്യ പ്രഭാഷണം ചെയ്തു. പി.റ്റി.എ പ്രസിഡന്റ് ശ്രീ. ജോസ് ലാലിൻ്റെ അദ്ധ്യക്ഷതയിൽ കാഞ്ഞിരംകുളം പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. രവി ഉദ്ഘാടനം ചെയ്തു. ബി.പി.ഒ. സന്തോഷ് കുമാർ, വിദ്യാഭ്യാസ സ്റ്റാൻഡിങ്ങ് ചെയർമാൻ ശ്രീ.വിൽഫ്രഡ്,ചാണി വാർഡ് മെമ്പർ ശ്രീമതി. പ്രസന്നകുമാരി എന്നിവർ ആശംസകൾ അർപ്പിച്ചു.ലവ് പ്ലാസ്റ്റിക് പദ്ധതിയുടെ മികച്ച വിജയത്തിന് പിന്തുണയായ സി. ഷിജ ജേക്കബിനെ വിശിഷ്ട വ്യക്തികൾ ചേർന്ന് പൊന്നാടയണിയിച്ച് ആദരിച്ചു. ഉപജില്ല

സയൻസ് സെമിനാറിന് രണ്ടാം സ്ഥാനം നേടിയ ജിഷ ബിജുവിന് ഉപഹാരം നൽകി.





## സ്വാതന്ത്ര്യദിനം

പേപ്പർ പതാക നിർമ്മിക്കൽ പതാക ഉയർത്തൽ, എസ്.പി.സി.പരേഡ് എന്നിവ സംഘടിപ്പിച്ചു. പൂവാർ സി. ഐ. സല്യൂട്ട് സ്വീകരിച്ചു.വിവിധ മൽസരങ്ങളിൽ വിജയികളായവർക്ക് സമ്മാനം വിതരണം ചെയ്തു







## ഗുരു വന്ദനം







## ഹരിതസേന

നെയ്യാറ്റിൻകര ബി.ആർ.സിയിലെ ലേഖ ടീച്ചർ വിദ്യാലയ ഹരിതസേന രൂപീകരിക്കാൻ നേതൃത്വം നൽകി.ഹരിത സേനയിലേക്ക് ഓരോ ക്ലാസിൽ നിന്നും രണ്ട് കുട്ടികളെ തെരെഞ്ഞെടുത്തു. സ്കൂൾ ഹരിതസേന നിയമാവലി തയ്യാറാക്കി എല്ലാ ക്ലാസുകളിലും ഒട്ടിച്ചു. ഹരിതസേന അംഗങ്ങൾ ക്ലാസ് ശുചിത്വം, സ്കൂൾ ശുചിത്വം എന്നിവ പരിശോധിക്കുന്നു.

## പ്രളയ സഹായം

**കുട്ടനാടിന് കൈതാങ്ങ്**

എസ്.പി.സി, നല്ല പാഠം, മാതൃഭൂമി സീഡ് ക്ലബ് ഇവയുടെ ആഭിമുഖ്യത്തിൽ ആവശ്യ വസ്തുക്കളുടെ ശേഖരണം നടന്നു.





സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ പ്രളയബാധിത പ്രദേശങ്ങളിൽ ആറു ക്യാമ്പുകളിലായി ആവശ്യ വസ്തുക്കൾ വിതരണം ചെയ്തു.





ബി. ആർ.സി. തലത്തിൽ പ്രളയബാധിത പ്രദേശങ്ങളിലെ ശുചീകരണത്തിൽ നാല് സിസ്റ്റേഴ്സും ഒരു ടീച്ചറും പങ്കാളികളായി.





എസ്.പി.സി. കേഡറ്സും മൂന്ന് അധ്യാപികമാരും ദുരിത ബാധിത പ്രദേശങ്ങളിലെ ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കാളികളായി.







ഓലത്താന്നി, തിരുപുറം, വട്ടവിള ദുരിതാശ്വാസ ക്യാമ്പുകളിൽ ഭക്ഷണം, ആവശ്യസാധനങ്ങൾ , തുണിത്തരങ്ങൾ എത്തിക്കുന്ന







## മൽസ്യ ത്തൊഴിലാളികൾക്കു  ലൂർദുപുരം സെൻറ് ഹെലൻസ് സ്കൂളിൻ  ആദരം

,







## ടാലെൻറ് ലാബ്

കുട്ടികളുടെ കഴിവുകൾ കണ്ടെത്തി പരിശീലിപ്പിക്കുന്നതിനായി പ്രാവീണ്യമുള്ള അധ്യാപകർ, പൂർവ വിദ്യാർത്ഥികൾ, കലാകാരൻമാർ വിദ്യാർത്ഥി പ്രതിഭകൾ എന്നിവരുടെ സേവനം ലഭ്യമാക്കി ടാലെൻറ് ലാബ് പ്രവർത്തിക്കുന്നു. കഴിവുകളുടെ പ്രകടനവേദികൾ ലഭ്യമാക്കി അവസരങ്ങൾ ഒരുക്കുക വഴി കുട്ടികളിൽ ആത്മവിശ്വാസം വളർത്തുന്നു.

## Hello English

ഇംഗ്ലീഷ് ഭാഷയിൽ താല്പര്യം വളർത്താൻ ഹെലോ ഇംഗ്ലീഷ് പാക്കേജ് പ്രയോജനപ്പെടുത്തുന്നു. Blossoms എന്ന പേരിൽ ഇംഗ്ലീഷ് ഭാഷാ പ്രവർത്തനങ്ങളുടെ പ്രകടനവേദികൾ മാസത്തിൽ ഒരു ദിവസം സംഘടിപ്പിക്കുന്നു.

## ശിശു ദിനം

നവംബർ ശിശു ദിനം സെൻറ് ഹെലെൻസ് ജി എച്ച്.എസ് ലൂർദുപുരം ഉത്ഘാടനം ഡോക്ടർ ചിന്നു പൂർവ്വവിദ്യാർത്ഥി



## ക്രിസ്തുമസ് ആഘോഷം

ക്രിസ്തുമസ് ആഘോഷം അംങ്കൻവാടി കുട്ടികളുമൊത്ത്





## മികവുകൾ

### നല്ലപാഠം എ പ്ലസ് പുരസ്കാരം സെൻറ് ഹെലെൻസിന്




**Season watch state Award**



**Sreshta Haritha Vidyalayam Trivandrum Revenue District Award**



എസ് എസ് എൽ സി നൂറു ശതമാനം വിജയം നേടിയ
സെൻറ് ഹെലെൻസിന് ലഭിച്ച അംഗീകാരം....







# വാർത്തകളിൽ



## 119 സ്കൂളുകൾ ശുചിയാക്കി ഡിപിഐയും സംഘവും

ആലപ്പുഴ

പൊതുവിദ്യാഭ്യാസ ഡയറക്ടർ, അഡീഷണൽ ഡയറക്ടർ എന്നിവരുടെ നേതൃത്വത്തിൽ അധ്യാപകരും ജീവനക്കാരും സന്നദ്ധ സേവകരും അണിനിരന്നപ്പോൾ രണ്ടു ദിവസത്തിനകം 119 സ്കൂളുകൾക്ക് പുതുമോടി. പ്രളയബാധിതമായ സ്കൂളുകളെ പഴയപടിയിലെത്തിക്കുന്നതിനും ബുധനാഴ്ച അധ്യയനത്തിന് തുടക്കമിടുന്നതിനുമായാണ് ശുചീകരണയത്നം തുടങ്ങിയത്. ഡിപിഐ കെ വി മോഹൻകുമാർ നേതൃത്വം നൽകിയ ശുചീകരണത്തിൽ അധ്യാപകരും സ്കൂൾ ജീവനക്കാരും പങ്കാളികളായി.

രണ്ടാം ദിവസത്തെ ശുചീകരണം പൂർത്തിയായപ്പോൾ പ്രളയബാധിതമായ 260 സ്കൂളുകളിൽ 119 എണ്ണം ശുചീകരിച്ചു കഴിഞ്ഞു. ക്യാമ്പുകൾ പ്രവർത്തിക്കുന്നതും (148) വെള്ളമിറങ്ങാത്തതുമായ (141) സ്കൂളുകളായി 289 എണ്ണം ഇനിയും ബാക്കി നിൽക്കുന്നു. ഇവയിൽ 108 എണ്ണം കുട്ടനാട് മേഖലയിലും 55 എണ്ണം ചെങ്ങന്നൂരുമാണ്. 30വരെയായി വിവിധ സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിൽ അഞ്ഞൂറോളം സന്നദ്ധ ഭടന്മാർ എത്തുന്നതോടെ നിശ്ചിതസമയത്തിനകം പരമാവധി സ്കൂളും ശുചിയാക്കാനാകുമെന്നാണ് പ്രതീക്ഷ.

തിങ്കളാഴ്ച രണ്ടു സംഘങ്ങളായാണ് അധ്യാപകർ ശുചീകരണത്തിനിറങ്ങിയത്. ചേർത്തല വിദ്യാഭ്യാസ ഓഫീസറുടെ നേതൃത്വത്തിലുള്ള ഒരുസംഘം ചെങ്ങന്നൂർ മേഖലയിലും ആലപ്പുഴ വിദ്യാഭ്യാസ ഓഫീസറുടെ നേതൃത്വത്തിലുള്ള മറ്റൊരു സംഘം ഹരിപ്പാട് മേഖലയിലുമാണ് ശുചീകരണം നടത്തിയത്.

അഡീഷണൽ ഡയറക്ടർ ജിമ്മി കെ ജോസ്, വിദ്യാഭ്യാസ ഉപഡയറക്ടറുടെ ചുമതല വഹിക്കുന്ന ജയകുമാർ എന്നിവർ വിവിധ കേന്ദ്രങ്ങളിൽ ശുചീകരണത്തിന് നേതൃത്വം നൽകി.



## പ്രളയക്കെടുതി: കരുതലിന്റെ തണലൊരുക്കി 'നല്ലപാഠം'



ലൂർദുപുരം സെന്റ് ഹെലൻസ് ഗേൾസ് ഹൈസ്കൂളിൽ ഗാന്ധിദർശൻ പാഠ്യപദ്ധതികളുടെ ഭാഗമായി നടത്തിയ സ്വദേശി ഉൽപന്നങ്ങളുടെ നിർമാണ പരിശീലനം സിസ്റ്റർ റോസിലി പോൾ ഉദ്ഘാടനം ചെയ്യുന്നു.

## പ്ലാസ്റ്റിക്കിനെതിരെ സ്കൂളുകൾ

## കുട്ടനാട്ടിലെ കൂട്ടുകാർക്കായി തലസ്ഥാനത്തെ കുട്ടികളുടെ നോട്ടുപുസ്തകങ്ങളും സ്നേഹവും



നല്ല പാഠം
മനോരമ നാടിനൊപ്പം

## വലിച്ചെറിയലിൽ നിന്നും തിരിച്ചറിവിലേക്ക്



# മൽസ്യത്തൊഴിലാളികൾക്കു ലൂർദ്പുരം സെന്റ് ഹെലൻസ് സ്കൂളിന്റെ ആദരം

നല്ല പാഠം
മനോരമ നാടിനൊപ്പം

തിരുവനന്തപുരം● നല്ലപാഠം കുട്ടികളുടെ സഹായപ്രവാഹം തുടരുന്നു. ചിന്മയ വിദ്യാലയ വഴുതക്കാട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കു സംഭാവന നൽകി. കിളിമാനൂർ എംജിഎം ഇന്റർനാഷനൽ സ്കൂളിലെ കുട്ടികളും അധ്യാപകരും ചേർന്നു ഭിന്നശേഷിക്കാരായ കുട്ടികളെ സന്ദർശിച്ചു സഹായം നൽകി.

പ്രളയബാധിത മേഖലയിൽ രക്ഷാപ്രവർത്തനം നടത്തിയ മൽസ്യത്തൊഴിലാളികളെ ലൂർദ്പുരം സെന്റ് ഹെലൻസ് സ്കൂൾ ആദരിച്ചു. നെയ്യാറ്റിൻകര എംഎൽഎ കെ.ആൻസലൻ ഉദ്ഘാടനം ചെയ്തു. കാഞ്ഞിരംകുളം പഞ്ചായത്ത് പ്രസിഡന്റ് രവി, ചാണി വാർഡ് മെംബർ പ്രസന്നകുമാരി, പിടിഎ വൈസ് പ്രസിഡന്റ് ബിനു, എച്ച്എം സിസ്റ്റർ എൽസമ്മ തോമസ്, ഹയർസെക്കൻഡറി പ്രിൻസിപ്പൽ സിസ്റ്റർ ട്രീസ സിറിയക്, ഫാ. ജെറോം ഫെർണാണ്ടസ്, സിസ്റ്റർ ലാലി, നല്ലപാഠം കോഓർഡിനേറ്റർമാരായ വി.എൽ. നിഷ, ബീനാദാസ് എന്നിവർ പ്രസംഗിച്ചു.

സ്കൂൾ വളപ്പിൽ കൃഷിചെയ്ത വാഴ വിളവെടുപ്പു നടത്തിയതിന്റെ സന്തോഷത്തിലാണു ചുള്ളിമാനൂർ ക്രിസ്തുജ്യോതി സ്കൂളിലെ കുട്ടികൾ. പൂന്തുറ സെന്റ് ഫിലോമിനാസ് ജിഎച്ച്എസിലെ കുട്ടികൾ അധ്യാപകരുടെ സഹായത്തോടെ കാർഷികമേളയും നടത്തി. വിവിധ ഫലവർഗങ്ങളും ഭക്ഷ്യവസ്തുക്കളും പ്രദർശിപ്പിച്ചു.

ദേശീയ വന്യജീവി വാരാഘോഷത്തിന്റെ ഭാഗമായി അവനവഞ്ചേരി ഗവ. ഹൈസ്കൂൾ പേപ്പാറ വന്യജീവി സങ്കേതത്തിൽ പ്രകൃതി പഠനക്യാംപ് നടത്തി. വനസംരക്ഷണത്തിന്റെ വിവിധ പാഠങ്ങൾ വനംവകുപ്പ് ഉദ്യോഗസ്ഥർ കുട്ടികളുമായി പങ്കുവച്ചു.

ചൈൽഡ് ലൈനുമായി ചേർന്നു പുല്ലുവിള ലിയോ തേർട്ടീന്ത് എച്ച്എസ്എസ് നടത്തിയ ബോധവൽക്കരണ ക്ലാസിൽ ചൂഷണങ്ങളിൽനിന്നു രക്ഷപ്പെടേണ്ടതെങ്ങനെയെന്നു കുട്ടികൾക്കു പറഞ്ഞു നൽകി. ആവശ്യമെന്നു തോന്നിയ കുട്ടികൾക്കു പ്രത്യേക കൗൺസലിങ്ങും നടത്തി.

ലൂർദ്പുരം സെന്റ് ഹെലൻസ്, ചെറുന്നിയൂർ മാർത്തോമ്മാ സെൻട്രൽ എന്നീ സ്കൂളുകൾ കാഴ്ച ദിനത്തോടനുബന്ധിച്ചു കുട്ടികൾക്കായി ക്ലാസുകൾ സംഘടിപ്പിച്ചു. നേത്ര സംരക്ഷണത്തെക്കുറിച്ച് ആരോഗ്യ പ്രവർത്തകർ കുട്ടികളെ ബോധവൽക്ക



...നു തോന്നിയാൽ തിരിഞ്ഞുനടക്കാൻ സമയമേ ...ല്ലാ മുന്നിൽ..."
...തിരിച്ചറിയാനുള്ള യാത്ര ചെറുപ്പത്തിലേ തു...ന്നാണ് ഫുട്ബോളാം മാന്ത്രികൻ സുനിൽ ഛേത്രി ...പദേശം. "ഒന്നു മുതൽ പത്താം ക്ലാസ് വരെ ...നകാലം ജീവിതത്തിലെ സുവർണകാലമാണ്. ...മായി ചിറകുവിരിക്കാൻ പറ്റിയ പ്രായമാണത്.

ത്" – അദ്ദേഹം പറഞ്ഞു.
മാതാപിതാക്കളും ശ്രദ്ധിക്കേണ്ട കുറച്ച് കാര്യങ്ങളുണ്ട്. കുട്ടികളുടെ ഏറ്റവും അടുത്ത സുഹൃത്തുക്കളാകാൻ ശ്രമിക്കണം. വീടിന്റെ വാതിലെന്ന പോലെ മനസ്സിന്റെ വാതിലും അവർക്കായി തുറന്നിടണം. വീട്ടിൽനിന്നുള്ള പിന്തുണയാണ് ഫുട്ബോളെന്ന സ്വപ്നം യാഥാർത്ഥ്യമാക്കാൻ തന്നെ സഹായിച്ചതെന്നും സുനിൽ ഛേത്രി പറഞ്ഞു.

# കർഷകന്റെ മകനായതിൽ അഭിമാനം -ഗവർണർ



മാതൃഭൂമി സീഡ് 'സീസൺ വാച്ച്'ൽ ഒന്നാം സ്ഥാനം നേടിയ തിരുവനന്തപുരം ലൂർദ്പുരം സെയ്ന്റ് ഹെലൻ ജി.എച്ച്.എസിലെ വിദ്യാർഥികൾക്ക് ഗവർണർ പി. സദാശിവം പുരസ്കാരം നൽകുന്നു

**കൊച്ചി ▸** ഇന്ത്യയിലെ ചെറിയ ഗ്രാമത്തിൽ കർഷകന്റെ മകനായി പിറന്നതിൽ ഏറെ അഭിമാനമുണ്ടെന്ന് ഗവർണർ പി. സദാശിവം. മാതൃഭൂമി സീഡ് സംസ്ഥാനതല പുരസ്കാരം വിതരണംചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

പ്രകൃതിസംരക്ഷണത്തിൽ മനുഷ്യനുള്ള ഉത്തരവാദിത്വമറിയുന്ന ഒരു തലമുറ വളർന്നുവരണം. തങ്ങൾ നട്ട മരത്തിൽ നിന്ന് ഒരു ഫലം പറിച്ചുതിന്നാൻ കഴിയുന്നതിന്റെ സംതൃപ്തി ഓരോ കുട്ടിയും അറിയണം. പ്രകൃതിക്ക് മനുഷ്യൻ ഏൽപ്പിക്കുന്ന ആഘാതങ്ങളുടെ ആശങ്കകൾ ഐക്യരാഷ്ട്ര സഭയടക്കം എത്രയോതവണ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

ഉയർന്ന താപനിലയും വെള്ളത്തിന്റെ ലഭ്യതക്കുറവും കാലാവസ്ഥാ മാറ്റവും അടക്കമുള്ള എത്രയോ അടയാളങ്ങൾ നമുക്ക് മുന്നിലെത്തി. എന്നിട്ടും പാഠം പഠിക്കാത്തവർക്ക് മുന്നിൽ പ്രതീക്ഷയുടെ പുതിയ വെളിച്ചമാണ് മാതൃഭൂമി സീഡും അതിൽ പങ്കാളികളായ വിദ്യാർഥികളും അധ്യാപകരുമെന്നും ഗവർണർ പറഞ്ഞു.

പിറന്നുവീണ നിമിഷം മുതൽ മനുഷ്യൻ ഭൂമിക്ക് ഏൽപ്പിക്കുന്ന ആഘാതങ്ങളുടെ തോത് വളരെ കൂടുതലാണെന്ന് സംസ്ഥാന വനംവകുപ്പ് മേധാവി പി.കെ. കേശവൻ പറഞ്ഞു.

കഴിഞ്ഞ പത്തുവർഷം കൊണ്ട് സീഡ് കേരളത്തിൽ അടയാളപ്പെടുത്തിയ പ്രകൃതിസ്നേഹത്തിന്റെ കണക്കുകൾ അദ്ഭുതപ്പെടുത്തുന്നതാണെന്ന് ഫെഡറൽ ബാങ്ക് സീനിയർ വൈസ് പ്രസിഡന്റ് എസ്. സത്യമൂർത്തി പറഞ്ഞു. ശുദ്ധമായ ഭൂമിയും വായുവും ജലവുമൊക്കെ അവകാശപ്പെട്ട ഒരു തലമുറയുടെ സൃഷ്ടിക്കാണ് സീഡ് ശ്രമിക്കുന്നതെന്ന് ഫെഡറൽ ബാങ്ക് സി.എസ്.ആർ. ഹെഡ് രാജു ഹോർമിസ് പറഞ്ഞു.



കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ നടന്ന പെൺകുട്ടികളുടെ ഗിന്നസ് കരാട്ടെ പ്രദർശനത്തിൽ പങ്കെടുക്കാനെത്തിയ ലൂർദുപുരം സെന്റ് ഹെലൻസ് ഗേൾസ് ഹൈസ്കൂളിലെ കുട്ടികൾ അധ്യാപകരോടൊപ്പം.

# ഗിന്നസ് കരാട്ടെ പ്രദർശനത്തിൽ സെന്റ് ഹെലൻസ് ഗേൾസ് ഹൈസ്കൂളിലെ കുട്ടികളും

**നെയ്യാറ്റിൻകര:** വനിതാദിനത്തിൽ കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ നടന്ന പെൺകുട്ടികളുടെ ഗിന്നസ് കരാട്ടെ പ്രദർശനത്തിൽ പങ്കെടുക്കാനായതിന്റെ സന്തോഷത്തിൽ ലൂർദുപുരം സെന്റ് ഹെലൻസ് ഗേൾസ് ഹൈസ്കൂളിലെ കുട്ടികൾ. പെൺകുട്ടികൾക്കു വേണ്ടിയുള്ള സ്വയംരക്ഷയായിട്ടാണ് ഈ കരാട്ടെ പരിശീലനം. സെന്റ് ഹെലൻസിലെ കുട്ടികൾക്ക് പരിശീലനം നൽകിയത് ഷിബു എന്ന ട്രെയിനറാണ്.

ജില്ലാ പഞ്ചായത്താണ് ഇദ്ദേഹത്തെ ഈ സ്കൂളിലേയ്ക്ക് നിയോഗിച്ചത്. ജില്ലാ പഞ്ചായത്തിന്റെ രക്ഷ പദ്ധതിയിൽ വളരെ താത്പര്യത്തോടെയാണ് ഈ സ്കൂളും അംഗമായത്. കളിന്റെ മക്കളാണ് സെന്റ് ഹെലൻസിലെ നല്ലൊരു ശതമാനം വിദ്യാർഥിനികളും. സ്കൂളിലെ എട്ട്, ഒമ്പത് ക്ലാസിലെ കുട്ടികൾക്കാണ് കരാട്ടെ പരിശീലനം നൽകിയത്.

ജീവിത പ്രതിസന്ധികൾ വരെ തരണം ചെയ്യാനുതകുന്ന വിധത്തിൽ സജ്ജമാക്കിയ ഈ പരിശീലന പ്രവർത്തനങ്ങൾക്ക് സ്കൂളിൽ നേതൃത്വം നൽകാൻ ഹെഡ്മിസ്ട്രസ് സിസ്റ്റർ എൽസമ്മ തോമസിനോടൊപ്പം കായിക അധ്യാപിക ബീനാദാസ്, ഹൈസ്കൂൾ അധ്യാപിക ജെയിൻ എന്നിവരുമുണ്ട്. കാര്യവട്ടത്ത് അരങ്ങേറിയ കരാട്ടെ പ്രകടനത്തിൽ സ്കൂളിലെ 94 കുട്ടികൾ പങ്കെടുത്തു.

Sat, 10 March 2018
deepika.epapr.in//c/26917000

# പാഠ്യേതര പ്രവർത്തനങ്ങൾ






**Student police cadet (spc)** **Band**





**NallaPadam** **Sports**





**Karate** **Gandhidarsan**





**Yuvavani (radio programme)** **Agriculture**





**Yoga** **Little kites**






**Guide and Scout** **Junior Red Cross**



Skating



മാതൃഭൂമി സീഡ് സീസൺ വാച്ച് പുരസ്കാരം

സെന്റ് ഹെലൻസ് ജി.എച്ച്.എസ്. ലൂർദ്പുരത്തിന് ഒന്നാംസ്ഥാനം



Seed (Nannma)

# കുട്ടികളുടെ കലാസൃഷ്ടികൾ

## WHAT IS CHRISTMAS

The spirit of Christmas is giving and sharing
The message of Christmas is loving and caring
The feelings of Christmas is hoping and cheering
The joy of Christmas for giving and forgetting
The intention of Christmas is hearing and accepting
The desire of Christmas is blooming and sacrificing
The importance of Christmas is loving and helping
The invitation of Christmas is leaving and living
The aspect of Christmas is filling and emptying
The meaning of Christmas is preparing and welcoming
Over all celebration of Christmas is relating and rejoining

Angel Joe
IX A

## CHRISTMAS

Christmas is thought as a global festival. Almost all the countries in the world celebrate Christmas. It falls on December twenty fifth. It's festival especially for Christians and they will have special functions in every church in memory of Jesus Christ. Every house every country will be decorated with lamps, candle, stars and other kinds of illumination. Church conducts a great procession in every village. The houses will be decorated and feasts are given highly delicious items will be prepared for their relatives and friends.

A procession also will be held under the leadership of Santa clause. Who will distribute gifts to each and every child? People exchange very valuable gifts. Hence the villagers will continue their functions. It is believed that Christ came to the earth to save his believers.

**Anu R.J**

**IX A**

## HOW WE CAN MAKE OUR STUDIES EASY

HERE IS A FORMULA
S-SURVIVE
Q-QUESTION
R-READ
R -RESITE
R-REVIEW

Athira. P
IX A

## RIDDLES

I am a tree.
I am big and tall.
I have many leaves and branches.
My fruit is the biggest in world.
Who am i?
Jack tree.
I am a tree.
I am very tall.
I have no branches.
My fruits are big and hard.
There is sweet water inside the tree.
Who am i?
Coconut tree
I am a tree.
I am not very big and tall.
I have many seeds in my fruits.
Parrots like my fruits very much.
Who am I?
Guava tree.

Chinchu
IX A

## Friendship

Friendship is always blessing which is rare. It is a gift of god which keeps us near. It is like a flower which never fades a star which glitters all the time, a red cherry which is sweet and sour. Friendship is always faithful, it can also be painful. It cannot be reassured. It can only be treasured. Friendship is bigger than everything and it builds a good relationship.

Manju

IX A

## REPUBLIC DAY

It was on January 26 1950 that India became a sovereign democratic republic .Later, republic day is celebrated every year on January 26.On this day, our honorable president takes the salute of the armed forces, police and scout and guides .Usually one of them leads of Government of foreign countries will be the chief guest. Display of folk dances from different states is the main attraction of these festivals.

Jibinnya
IX A

## DISCIPLINE

"D"is the 4th letter of alphabet
"I" is the 9th letter of alphabet
"S"is the 19th letter of alphabet
"C"is the 3rd letter of alphabet
"I"is the 9th letter of alphabet
"N"is the 14th letter of alphabet
"E"is the 5th letter of alphabet
Add the number of alphabet
=4+9+19+3+9+16+12+9+14+5
=100%

**RejeeshaVijayan**

**IX A**



HAVE A DAY WITH HAPPINESS
JOY WONDER AND HOPE
LIFE IS ONE AND ENJOY YOUR LIFE
DO NOT MAKE ENEMIES MAKE ONLY FRIENDS
DREAM WHAT YOU WANT
AND SUCCESS YOUR WANTS

Bertty.C Das
IX A

# A GOOD STUDENT

A-always liked by teachers

G-greets everyone with a smile

O-obedient to teachers and parents

O-on time to school

D-dress neat and clean

S-studies with interest

T-treats everyone with respect

U-understands everything taught

D-does daily work

E-eager to know new things

N-never misbehave

T-talk less and work more

Gopika
IX A

# ദീപാവലി

ദീപാവലിയുടെ ചുരുക്കമായിട്ട് ദീപാളി എന്നും പറയാറുണ്ട്.ഭാരതത്തിൽ ആഗമനം ആഘോഷപൂർവം ഉണ്ടാകുന്ന ഒരു ഉത്സവമാണ്.ദീപാവലിക്ക് എല്ലാ ഗൃഹങ്ങളിലും പൊതു സ്ഥലകളിലും ദീപങ്ങൾ കത്തിക്കുന്നു . ഉത്സവത്തിന്റെ പേർ തന്നെ ദീപങ്ങളോട് ബന്ധപ്പെട്ടിരിക്കുന്നു.നിറയെ ദീപങ്ങൾ കൊളുത്തി വൈകുന്ന ചടങ്ങിനാണ് പ്രാധന്യം.ഗ്രാമച്ചന്തയും വാണിജ്യവും ദീപാളിയോട് അനുബന്ധിച്ചു തയാറാക്കപ്പെടുന്നു.രാത്രിയിൽ സാക്ഷാൽ മഹാലക്ഷ്മി തങ്ങളുടെ വീട് സന്ദർശിക്കുമെന്ന വിശ്വാസത്തോടെ ദീപങ്ങളെകൊണ്ട് അലങ്കരിച്ചു എദിരേൽക്കുകയാണവർ

Jyothi J.R
IX B

## ചെറുശ്ശേരി

പതിനഞ്ചാം നൂറ്റാണ്ടിൽ ഉത്തരകേരളത്തിൽ ജീവിച്ചിരുന്ന മഹാകവി.കോലത്തുനാട് ഭരിച്ചിരുന്ന ഉദയവർമ രാജാവിന്റെ പണ്ഡിത സദസ്സിലെ അങ്കമായിരുന്നു.ഭാഗവതം ദശമത്തെ ആധാരമാക്കി രചിച്ച കൃഷ്ണഗാഥയാണ് അദേഹത്തെ അനശ്വരനാക്കിയ കൃതി.

Anisree
IX B

# ജീവചരിത്ര കുറുപ്പ്

## നാരായൺ

ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്കിൽ പെടുന്ന കുടയത്തൂരില് 1940 സെപ്റ്റംബർ 26 ജനിച്ചു .കൊച്ചരേത്തി ആൻ ആദ്യ നോവൽ .വന്നാലേ ,ആരാണ് തോല്കുന്നവർ ,കഥകൾ -നാരായൺ എന്നിവ ആണ് പ്രധാന കൃതികൾ .ഗോത്രസ്മൃതികളുടെ അനുഭവം പേറുന്നവയാണ് അദ്ദേഹത്തിന്റെ രചനകൾ ."കൊച്ചരേത്തി "കേരളസാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു

**Greeshma**

**IX C**

# നന്ദി